ഹദീസ്

സുബൈർ കുന്ദമംഗലം

# കരുണയർഹിക്കുന്ന മൂന്ന് വിഭാഗങ്ങൾ

عَنْ أَبِي مُوسَى رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ : عُودُوا الْمَرِيضَ أَطْعِمُوا الْجَائِعَ وَفُكُّوا الْعَانِيَ (رواه الْبُخارِى)

**അബൂമൂസാ(റ)യിൽനിന്ന്. നബി(സ) അരുളി: 'രോഗിയെ പരിചരിക്കുക, വിശക്കുന്നവന് ആഹാരം നൽകുക, ബന്ധനസ്ഥനെ മോചിപ്പിക്കുക' (ബുഖാരി).**

മനുഷ്യൻ സാമൂഹിക ജീവിയാണ്. സഹജീവികളുമായി ഇടപെട്ടും ഇടകലർന്നും ആദാനപ്രദാനങ്ങളിൽ ഏർപ്പെട്ടും നാഗരികതയുടെ പുനർനിർമിതിയിൽ പങ്കാളിയാവണമെന്ന് മുസ്‌ലിം ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ഉന്നതമായ ആദർശവും ഉത്കൃഷ്ടമായ ജീവിത ദൗത്യവും ഏറ്റെടുത്ത മുസ്‌ലിമിന് സമൂഹവുമായി ശക്തമായ ഇഴയടുപ്പമുണ്ടായേ പറ്റൂ. സഹജീവികളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടും ജനസേവനം ദൈവാരാധനയായി തിരിച്ചറിഞ്ഞും ജനകീയ പ്രശ്നങ്ങളിൽ കലവറയില്ലാതെ ഇടപെട്ടുമല്ലാതെ അല്ലാഹുവിലേക്ക് എത്തിച്ചേരുക വയ്യ. അശരണരുടെ കണ്ണീരൊപ്പിയും ആലംബഹീനർക്ക് കൈത്താങ്ങായും വിശ്വാസി ജീവിതം സാർഥകമാക്കണം.

സമൂഹത്തിൽ ഏറ്റവുമധികം കരുണയർഹിക്കുന്ന മൂന്ന് വിഭാഗങ്ങളെയാണ് ഈ ഹദീസിൽ പരാമർശിച്ചിട്ടുള്ളത്. രോഗികളും വിശക്കുന്നവരും ബന്ധനസ്ഥരും അനുഭവിക്കുന്ന മനഃസംഘർഷം നിസ്സാരമല്ല.

രോഗി സന്ദർശനവും പരിചരണവും പ്രോത്സാഹിപ്പിക്കുന്ന ഒട്ടേറെ ഹദീസുകളുണ്ട്. സന്ദർശനം രോഗിക്ക് ആശ്വാസവും സമാധാനവും നൽകുന്നു. ഒറ്റപ്പെടുന്നത് നിരാശയും മനോവേദനയുമുണ്ടാക്കും. അബൂഹുറയ്റയിൽനിന്ന്: 'ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിനോടുള്ള ബാധ്യത അഞ്ചാകുന്നു: സലാം മടക്കുക, രോഗിയെ സന്ദർശിക്കുക, ജനാസ പിന്തുടരുക, ക്ഷണം സ്വീകരിക്കുക, തുമ്മിയാൽ പ്രാർഥിക്കുക'' (ബുഖാരി, മുസ്‌ലിം). രോഗിയെ സന്ദർശിക്കാത്തവനോടും വിശക്കുന്നവനും ദാഹിക്കുന്നവനും അന്നപാനീയങ്ങൾ വിലക്കുന്നവനോടും അന്ത്യനാളിൽ അല്ലാഹു തർക്കിക്കുന്നത് സംബന്ധിച്ച് ഹദീസിൽ കാണാം.

രോഗസന്ദർശനം രോഗിക്ക് ആശ്വാസം പകരുന്നതായിരിക്കണം. രോഗിയെ പ്രയാസപ്പെടുത്തുന്നതോ മാനസികമായി തളർത്തുന്നതോ ആവരുത്. സന്ദർശനത്തിനു മുമ്പ് വീട്ടുകാരോടും പരിചാരകരോടും മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം. രോഗിയുടെ ശാരീരികവും മാനസികവുമായ അവസ്ഥ മനസ്സിലാക്കി സന്ദർശന സമയവും സംഭാഷണവും ക്രമീകരിക്കണം. പകർച്ചവ്യാധിയോ മറ്റോ ഭയപ്പെടുന്നുണ്ടെങ്കിൽ സന്ദർശനം ഒഴിവാക്കണം. രോഗിക്കു വേണ്ടി പ്രാർഥിക്കുകയും ധൈര്യവും ആത്മവിശ്വാസവും പകർന്നുകൊടുക്കുകയും വേണം. ഉമ്മുൽ മുഅ്മിനീൻ ആഇശ(റ)യിൽനിന്ന്:

أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ كَانَ يَعُودُ بَعْضَ أَهْلِهِ يَمْسَحُ بِيَدِهِ الْيُمْنَى وَيَقُولُ : اَللَّهُمَّ رَبَّ النَّاسِ، أَذْهِبِ الْبَأْسَ، اشْفِهِ وَأَنْتَ الشَّافِي ، لَا شِفَاءَ إِلَّا شِفَاؤُكَ، شِفَاءً لَا يُغَادِرُ سَقَماً (متفق عليه)

(നബി തിരുമേനി(സ) രോഗിയായ തന്റെ ഭാര്യയെ സന്ദർശിക്കുമ്പോൾ വലതു കൈ കൊണ്ട് അവരുടെ ദേഹത്ത് തടവിക്കൊണ്ട് ഇപ്രകാരം പ്രാർഥിക്കാറുണ്ടായിരുന്നു: 'ജനങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, പ്രയാസം ദൂരീകരിക്കേണമേ, സുഖം നൽകേണമേ, നീയാണ് സുഖപ്പെടുത്തുന്നവൻ! നിന്റെ ശമനമല്ലാതെ മറ്റൊരു ശമനമില്ല. രോഗം അശേഷം അവശേഷിക്കാത്ത ശമനം).

വിശക്കുന്നവന് ആഹാരം കൊടുക്കുകയെന്നാണ് തിരുനബിയുടെ രണ്ടാമത്തെ ആഹ്വാനം. വിശപ്പിനെപ്പറ്റി ഏറ്റവുമധികം സംസാരിച്ച ഗ്രന്ഥം ഖുർആനും പ്രസ്ഥാനം ഇസ്‌ലാമുമാണ്. ആരാധനകളുടെ വിശദാംശങ്ങൾ ഖുർആനിൽ കാണുകയില്ല. എന്നാൽ, വിശപ്പിനെ സംബന്ധിച്ചും ദാരിദ്ര്യ നിർമാർജനത്തിനുള്ള പോംവഴികളെക്കുറിച്ചും ഖുർആൻ വാചാലമാകുന്നുണ്ട്. ''എന്നിട്ട്, അവൻ ചുരമാർഗത്തിൽ തിരക്കിക്കടന്നില്ല. ചുരമാർഗം എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം. അടിമയെ മോചിപ്പിക്കുക, അല്ലെങ്കിൽ പട്ടിണിയുള്ള ദിവസത്തിൽ ഭക്ഷണം നൽകുക, കുടുംബ ബന്ധമുള്ള അനാഥക്ക്; അല്ലെങ്കിൽ, മണ്ണു പുരണ്ട സാധുവിന്'' (സൂറ *അൽബലദ്* 11-16).

ബന്ധനസ്ഥരുടെ മോചനത്തിനും ഇസ്‌ലാം വളരെയേറെ പ്രാധാന്യം നൽകുന്നു. ഇബ്നു ബത്വാൽ പറയുന്നത്, അതൊരു സാമൂഹിക ബാധ്യത (ഫർദ് കിഫായ) ആണെന്നാണ്. ശത്രുക്കളുടെ കൈകളിൽനിന്ന് ഒരാളെ രക്ഷപ്പെടുത്തുന്നത് അറേബ്യൻ ഉപദ്വീപിനേക്കാൾ തനിക്ക് പ്രിയങ്കരമാണെന്ന് ഉമർ(റ) പറയുകയുണ്ടായി. എത്രയധികമാളുകളാണ് നമ്മുടെ നാട്ടിൽ അന്യായമായി ജയിലുകളിൽ അടക്കപ്പെട്ടിട്ടുള്ളത്! അവർക്ക് മോചനത്തിനുള്ള വഴിയൊരുക്കുക എന്നത് ഇന്ന് അടിയന്തരപ്രാധാന്യമുള്ള വിഷയമായി ഉയർന്നുവന്നിരിക്കുന്നു. ●